ഉത്തരം

(എ) 13-2-2006-ൽ ആകെ 95 (തൊണ്ണൂറ്റി അഞ്ച്) ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) എല്ലാ ഒഴിവുകളും യഥാസമയം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേക്കുള്ള ക്ലാർക്ക്, കാഷ്യർ നിയമനം

138(1418) ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേക്കുള്ള ക്ലാർക്ക്, കാഷ്യർ നിയമനത്തിന് പി.എസ്.സി. ഏറ്റവും ഒടുവിൽ തയ്യാറാക്കിയ ലിസ്റ്റിൽ സൊസൈറ്റി കാട്ടയിലുള്ള എത്ര റാങ്ക് വരെയുള്ളവർക്ക് നിയമനം നൽകി;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് വന്നപ്പോൾ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേരെക്കൂടി നിയമിക്കുമെന്ന് കോടതിയിൽ ബോധിപ്പിക്കുകയുണ്ടായി;

(സി) അതനുസരിച്ച് എത്രപേരെക്കൂടി നിയമിച്ചു;

(ഡി) ബാക്കിയുള്ളവരെ നിയമിക്കാതിരുന്നതെന്തുകൊണ്ടാണ്; കോടതിയിൽ ബോധിപ്പിച്ച പ്രകാരം ബാക്കിയുള്ളവരെക്കൂടി പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൊസൈറ്റി കാട്ടയിലുള്ള റാങ്കുകാരിൽ റാങ്കു തിരിച്ചുള്ള നിയമന വിവരം ശേഖരിച്ചു വരുന്നു. എന്നാൽ സൊസൈറ്റി കാട്ടയിലുള്ള 58 പേർ ബാങ്കിൽ ക്ലാർക്ക് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഇനി ആരെയും നിയമിക്കുവാൻ കഴിയില്ലെന്ന് തിരുവനന്തപുരം ജില്ലാ സഹകരണബാങ്ക് ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

(സി) ആരെയും നിയമിച്ചിട്ടില്ല.

(ഡി) ഒരു എൻ.ജെ.ഡി. വേക്കൻസിയും മറ്റ് 6 വേക്കൻസികളും പി.എസ്.സി. അഡ്വൈസ് ചെയ്യുന്നതിന് കോടതി ഉത്തരവായിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്താൽ പ്രസ്തുത 7 ഒഴിവുകളിൽ നിയമനം നടത്തുവാൻ ബാങ്ക് തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly